**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 774** **28-01-2026 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | 2016-17 മുതൽ നാളിതുവരെ സഹകരണ വകുപ്പ് മാവേലിക്കര മണ്ഡലത്തിലെ സഹകരണ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | • മാവേലിക്കര പട്ടികജാതി സഹകരണ സംഘം എ.658ൽ സർക്കാർ പദ്ധതി പ്രകാരം 21 ലക്ഷം രൂപാ ചിലവിൽ ഒരു ഹോളോബ്രിക് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.<br>• മാവേലിക്കര ബ്ലോക്ക് വനിത സഹകരണ സംഘം എ.912ൽ വനിതാ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ അനുവദിച്ചത് പ്രകാരം ഗാർമെന്റ് യൂണിറ്റ് തുടങ്ങിയിട്ടുണ്ട്.<br>• നൂറനാട് വനിത സഹകരണ സംഘം 995 ൽ വനിതാ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചത് പ്രകാരം സൂപ്പർ മാർക്കറ്റ് തുടങ്ങിയിട്ടുണ്ട്.<br>• താമരക്കുളം സർവ്വീസ് സഹകരണ സംഘം 4280 ന് 2017-18 വർഷത്തിൽ പുനരുദ്ധാരണ പദ്ധതി പ്രകാരം 20 ലക്ഷം രൂപ റബ്ബർ പ്രോസസ്സിംഗിന് വേണ്ടി അനുവദിച്ചിട്ടുണ്ട്.<br>• പൊന്നേഴ സർവ്വീസ് സഹകരണ ബാങ്ക് 3522 ന് മാതൃകാ സംഘത്തിനുള്ള ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് മെഡിക്കൽ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>• ഗ്രാമീൺ മാർക്കറ്റ് നടപ്പിലാക്കുന്നതിനായി 2 സഹകരണസംഘങ്ങൾക്ക് 20 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ച് നൽകിയിട്ടുണ്ട്.<br>• താലൂക്കിലെ 9 സ്കൂളുകൾക്കായി 9 ലക്ഷം രൂപ സ്കൂൾ സൊസൈറ്റിയുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച നൽകിയിട്ടുണ്ട്.<br>• താലൂക്കിൽ 2 യുവജന സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടി സംഘങ്ങൾക്ക് 10 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ വീതം പ്രോജക്ട് ക്രമപ്രകാരം വിനിയോഗിക്കുന്നതിനായി അനുവദിച്ചു നൽകിയിട്ടുണ്ട്.<br>• സുഭിക്ഷ കേരളം പദ്ധതി പ്രകാരം 299 കർഷകർക്കായി 3 കോടി 82 ലക്ഷം രൂപ മാവേലിക്കര മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുണ്ട്.<br>• ചെറുകിട വായ്പ, വിദ്യാതരംഗിണി വായ്പ, മുറ്റത്തെ മുല്ല വായ്പ എന്നിവയും സഹകരണ സംഘങ്ങൾ വഴി നൽകിയിട്ടുണ്ട്.<br>• അംഗസമാശ്വാസ പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിലെ വിവിധ സംഘങ്ങളിലായി അശരണരായ അംഗങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ